**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3314** **04-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 219564 |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കും. |
| (സി) | മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ള കുടുംബങ്ങളെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ ഭിന്നശേഷിക്കാരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഭാഗങ്ങൾക്ക് മുൻഗണനാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ